യിട്ടുള്ള പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിച്ചു കഴിയുമ്പോഴേ തെരഞ്ഞെടുപ്പ് സ്വാഭാവികമായിട്ടും ഉണ്ടാകും, അതുകൊണ്ട് അതിനെപ്പറ്റിയൊന്നും കൂടുതൽ പറഞ്ഞറിയിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തന്നെ പറഞ്ഞു, 2 കൊല്ലമായി ഇവിടെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന കാര്യം കൂടെയാണെന്ന്. അതേയവസരത്തിൽ ഈ ഗവൺമെൻറിന്റെ തീരുമാനം ഓരോ വില്ലേജിന്റെയും ബൗണ്ടറി അടിസ്ഥാനത്തിൽ ഓരോ പഞ്ചായത്തും ഉണ്ടാകുന്നതാണ്. രേണപരമായ സൗകര്യമെന്ന നിലയിൽ ആ നടപടി തുടർന്നുകൊണ്ടിരിക്കുകയാണ്. (ബഹളം) ഞാൻ സംസാരിക്കുന്നതിന്റെ ഇടയിൽ നിങ്ങൾ സംസാരിച്ചാൽ നിങ്ങൾക്ക് അതുകൊണ്ടൊരു പ്രയോജനവും ഉണ്ടാകുകയില്ല. എനിക്ക് മറുപടി പറയാൻ കഴിയുകയുമില്ല. അപ്പോൾ ആ സാഹചര്യത്തിൽ ഓരോ വില്ലേജ് അടിസ്ഥാനത്തിൽ ആ ബൗണ്ടറി ഡിസ്റ്റിക്ഷൻ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അത് മുഴുവനും തീരാതെ തെരഞ്ഞെടുപ്പ് നടത്താൻ സാദ്ധ്യമല്ല എന്നു കൂടി ഞാനീയവസരത്തിൽ പറയുകയാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ കത്തിനെക്കുറിച്ച് പറഞ്ഞു, അതിനെ സംബന്ധിച്ചിടത്തോളം എന്റെ കൈയിൽ കിട്ടുകയോ അല്ലെങ്കിൽ എന്റെ അറിവിൽപ്പെടുകയോ ചെയ്തിട്ടില്ല. അങ്ങനെയായിരുന്നെങ്കിൽ ഞാനീസഭയിൽ പറയുമായിരുന്നു.

IV റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമതു റിപ്പോർട്ട്

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ : സർ, കാര്യോപദേശക സമിതിയുടെ 24-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) 1986-ലെ ഗാന്ധിജി സർവ്വകലാശാല (ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ : സർ, 1986-ലെ ഗാന്ധിജി സർവ്വകലാശാലാ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(3) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒൻപതാമതു റിപ്പോർട്ട്

ശ്രീ. എം.എം. ഹസ്സൻ : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 29-ാം റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ : സർ, കാര്യോപദേശകസമിതിയുടെ 24-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവകുപ്പുമന്ത്രി ശ്രീമതി എം. കമലം : സർ, ഞാൻ ഈ റിപ്പോർട്ടിനെ പിൻതാങ്ങുന്നു.

(റിപ്പോർട്ട് സഭ അംഗീകരിച്ചു)

LIBRARY ARCHIVES Kerala Legislative Assembly